16/12/21 30/12/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1394(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 12276/SIC-G4/2021)

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി : 2021 ഡിസംബർ 16

ശ്രീമതി ടി.ഒ.പൗളി
C/o സേവീസു ഇട്ടിര,
ഊരിൽ വീട്,
തുമ്പാകടവ്, ചൊവ്വര പി.ഒ.,
എറണാകുളം – 683 571. } അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്,
ശ്രീമൂലനഗരം പി.ഒ., ആലുവ,
എറണാകുളം – 683 580.
2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
എറണാകുളം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 25/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 09/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/08/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 05/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/11/2021 |
| ഹിയറിംഗ് നടന്ന തീയതി | 14/12/2021 –വീഡിയോ/ ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി<br>ഹാജരായി –ഓഡിയോ |

## ഉത്തരവ്

ശ്രീമതി ടി.ഒ.പൗളി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചു എന്നും ആയതിനും കൃത്യമായ വിവരം ലഭിച്ചില്ല എന്നും ആയതിനാൽ വിവരാവകാശ നിയമപ്രകാരം ചോദിച്ച ചോദ്യത്തിന് വിവരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. 25.02.2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 19.12.2006 തീയതിയിലെ ശ്രീമൂലനഗരം പഞ്ചായത്തിലേക്കുള്ള (പെറ്റീഷൻ നം.470/2006) ഓംബുഡ്സ്മാന്റെ ഉത്തരവ് (ഉറിപ്പാടം വഴി പൊതുവഴി ആകുന്നതിനെ സംബന്ധിച്ച്) സ്റ്റാസ്റ്റസ്ക്കോ നിലനിർത്തി പഞ്ചായത്ത് വഴിയാക്കിയത് ഏത് തീയതിയാണെന്നും

ii. മേൽപ്പടി ഉത്തരവ് നടപ്പാക്കിയില്ലെങ്കിൽ ടിയാൻ ഏത് അതോറിറ്റിയെയാണ് സമീപിക്കേണ്ടതെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഹർജിക്കാരി 09.07.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചില്ല എന്ന അപ്പീൽ ആക്ഷേപത്തിന്മേൽ എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ 20.3.2021 തീയതി എ2-1644/2021 നമ്പറായി ഡെസ്പാച്ച് രജിസ്റ്ററിൽ ചേർത്ത് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു എന്നും ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് ISO സർട്ടിഫിക്കേഷന്റെ ഭാഗമായി 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ നശിപ്പിച്ചു കളഞ്ഞതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ആഫീസിൽ ലഭ്യമല്ല എന്നാണ് മറുപടി നൽകിയിരുന്നതെന്നും ഓംബുഡ്സ്മാന്റെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളത് നടപ്പാത സംബന്ധിച്ച തൽസ്ഥിതി തുടരണം എന്ന് മാത്രമാണെന്നും മറ്റേതെങ്കിലും നടപടി വിവരങ്ങൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടതായി കാണുന്നില്ല എന്നും ഓംബുഡ്സ്മാൻ ഉത്തരവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളോ മറ്റ് നടപടികളോ ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവ് കാലഘട്ടത്തിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ പരിശോധിച്ച് അപ്പീൽവാദിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും വിവരങ്ങൾ ഒന്നും ലഭ്യമല്ലെങ്കിൽ ആയത് സംബന്ധിച്ച് രേഖാമൂലം അറിയിപ്പ് നൽകുന്നതിനും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി റ്റി.ഒ.പൗളി 25.2.2021-ന് സമർപ്പിച്ചിട്ടുള്ള അപേക്ഷയുമായി ബന്ധപ്പെട്ട് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനാവശ്യമായ 2006-ലെ രേഖകൾ ഒന്നും ലഭിക്കാത്തതിനാലാണ് 20.3.2021-ന് ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ടി ഓഫീസിൽ ലഭ്യമല്ലെന്ന മറുപടി

നൽകിയിട്ടുള്ളതെന്നും ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള അപേക്ഷകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും 2006-നുശേഷം 2 പ്രാവശ്യം ആഫീസ് ഷിഫ്റ്റിംഗ് നടന്നതിനാലും ഇത്രയും കാലപ്പഴക്കം ചെന്ന ഫയലുകൾ (ഏതാണ്ട് 15 വർഷം) കണ്ടെത്തുന്നതിന് ആഫീസിലെ മുഴുവൻ ജീവനക്കാരും ശ്രമിച്ചിരുന്നുവെങ്കിലും ടി ജീവനക്കാരുടെ പ്രയത്നം വിഫലമാവുകയാണുണ്ടായതെന്നും ഹർജിക്കാരി 12.7.2021 തീയതി സമർപ്പിച്ച അപ്പീലിന്മേൽ 14.7.2021 തീയതി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും ആയതിന് 26.7.2021 തീയതി എ2-1644/2021 നമ്പറായി അപ്പീൽ അധികാരിക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലാണ് അപേക്ഷകന് ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരുന്നത് എന്ന മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് അപ്പീൽ അധികാരിയുടെ 24.8.2021-ലെ ഉത്തരവിൽ ഓംബുഡ്സ്മാന്റെ ഉത്തരവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളോ മറ്റ് നടപടികളോ ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ അപേക്ഷകന് നൽകുവാൻ നിർദ്ദേശിച്ചുവെങ്കിലും 2006 മുതൽ നാളിതുവരെയുള്ള മിനിറ്റ്സുകൾ പരിശോധിച്ചതിൽ ഉറിപ്പാടം വഴി സംബന്ധിച്ച് കമ്മിറ്റി തീരുമാനങ്ങളോ മറ്റു രേഖകളോ കാണുവാൻ കഴിഞ്ഞില്ലെന്നും കോവിഡ് വ്യാപനം അതിരൂക്ഷമാവുകയും ഓഫീസിലെ മിക്ക ജീവനക്കാരും കോവിഡ് ബാധിതരാവുകയും ചെയ്തതിനാലും മാസങ്ങളോളം ഭാഗികമായി മാത്രമെ ഓഫീസ് പ്രവർത്തിച്ചിരുന്നുള്ളു എന്നും എന്നിരുന്നാലും ഹർജിക്കാരിയെ 30.9.2021-ന് ടി വിഷയം ചർച്ച ചെയ്യുന്നതിനായി ഓഫീസിൽ വിളിച്ചു വരുത്തുകയും ഇതുമായി ബന്ധപ്പെട്ട വസ്തുതകൾ ബോധ്യപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് ഇതുമായി ബന്ധപ്പെട്ട് ആക്ഷേപം ഒന്നും തന്നെയില്ല എന്ന് അറിയിച്ചിട്ടുള്ളതാണെന്നും ഇതിനുശേഷം കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി, അസി.സെക്രട്ടറി, സെക്ഷൻ ക്ലാർക്ക്, വാർഡ് മെമ്പർ എന്നീവർ സ്ഥലം സന്ദർശിച്ചിട്ടുള്ളതാണെന്നും ടി വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി ചൊവ്വര വില്ലേജ് ഓഫീസർക്ക് 1.11.2021 തീയതി കത്ത് നൽകിയിട്ടുള്ളതും വില്ലേജ് ഓഫീസറിൽ നിന്നും 2.11.2021 തീയതി മറുപടി ലഭ്യമായിട്ടുള്ളതുമാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയുടെ പുരയിടത്തിന്റെ തെക്ക് കിഴക്ക് മൂലയിൽ ചൊവ്വര വില്ലേജ് 370/11 റീസർവ്വെ നമ്പറിൽ ബി.റ്റി.ആർ. പ്രകാരം 0.58 ആർ വിസ്തീർണ്ണമുള്ള പുറമ്പോക്ക് വഴിയായും കാണുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഉറിപ്പാടം റോഡ് വില്ലേജ് രേഖകളിൽ ചേർത്തിട്ടില്ലായെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി കാര്യത്തിൽ എതിർകക്ഷി ഓഫീസിൽ നിന്നും യാതൊരു വീഴ്ചയും വന്നിട്ടില്ലെന്നും

കോവിഡിന്റെ അതിവ്യാപനം മൂലമാണ് ടി വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ 25.2.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് 20.3.2021-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ടി മറുപടിയുടെ പകർപ്പോ, ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പോ എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയതായി കാണുന്നില്ല. ആയതിനാൽ ടി പകർപ്പുകൾ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് മറുപടി നൽകിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ കമ്മീഷൻ തീരുമാനം എടുക്കുന്നതാണ്.

6. ഹർജിക്കാരി ആവശ്യപ്പെട്ട വിവരം ഏതാണ്ട് 15 വർഷം പഴക്കമുള്ളതിനാൽ ഫയൽ കണ്ടെത്തുന്നതിന് ആഫീസിലെ മുഴുവൻ ജീവനക്കാരും ശ്രമിച്ചിരുന്നുവെന്നും എന്നാൽ ടി ഫയൽ കണ്ടെത്താനായിട്ടില്ല എന്ന എതിർകക്ഷിയുടെ വാദം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ വിവരാവകാശ നിയമം 5(5) വകുപ്പിൽ നിഷ്കർഷിക്കും പ്രകാരം രണ്ടാം എതിർകക്ഷി ഒരു സീനിയർ ഉദ്യോഗസ്ഥനും രണ്ടോ മൂന്നോ അംഗങ്ങളും ഉൾപ്പെടുന്ന ഒരു ടീമിനെ നിയോഗിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട ഉറിപ്പാടം വഴി സംബന്ധിച്ചുള്ള ഓംബുഡ്സ്മാൻ ഉത്തരവിന്മേൽ കമ്മിറ്റി തീരുമാനങ്ങളോ മറ്റു രേഖകളോ ഉണ്ടോ എന്ന് തെരച്ചിൽ നടത്തി ബന്ധപ്പെട്ട ഫയൽ/രേഖകൾ കണ്ടെത്തി ലഭ്യമായ വിവരങ്ങൾ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഹർജിക്കാരിക്ക് നൽകി നടപടി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. അപ്രകാരവും ഫയൽ കണ്ടെത്താൻ സാധിക്കുന്നില്ല എങ്കിൽ ഹർജിക്കാരി ആവശ്യപ്പെടുന്നപക്ഷം ഹർജിക്കാരിക്കോ പ്രതിനിധിക്കോ റിക്കാർഡ് റൂം നേരിട്ട് പരിശോധിച്ച് ടി രേഖകൾ കണ്ടെത്തുവാൻ സാധിക്കുമെങ്കിൽ അപ്രകാരം തെരച്ചിൽ നടത്തുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് ചെയ്തു കൊടുക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 16 –ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്
കമ്മീഷൻ സെക്രട്ടറി